**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460** **10-02-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് ക്ലെയിമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാളിതുവരെ മെഡിസെപ് പ്രീമിയം ഇനത്തിൽ എത്ര രൂപ ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | മെഡിസെപ്പ് പദ്ധതിയിൽ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ ഗുണഭോക്താക്കളുടെ പ്രീമിയം മുൻകൂറായി നൽകുകയും പിന്നീട് ഗുണഭോക്താക്കളുടെ ശമ്പളം/ പെൻഷൻ എന്നിവയിൽ നിന്നും പ്രതിമാസം പ്രീമിയം തുക ഈടാക്കുകയുമാണ് ചെയ്തുവരുന്നത്. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി അതിന് അനുസരിച്ച് വാർഷിക പ്രീമിയം തുക നാല് ഗഡുക്കളായി കമ്പനിക്ക് അനുവദിക്കുന്നു. ഈയിനത്തിൽ നാളിതുവരെ 1781,00,00,941/- രൂപ സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | നാളിതുവരെ എത്ര രൂപയുടെ ക്ലെയിമുകൾക്കാണ് അംഗീകാരം നൽകിയത്; | (ബി) | **02-01-2025 വരെയുള്ള കണക്ക് പ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികളിലായി 8,58,187 ക്ലെയിമുകൾക്ക് 1640,64,53,085/- രൂപയുടെ ക്ലെയിം നൽകിയിട്ടുള്ളതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. ക്ലെയിം സംബന്ധിച്ച കണക്കുകൾ മെഡിസെപ്പ് വെബ് പോർട്ടലിലെ ഡാഷ്ബോർഡിൽ ലഭ്യമാണ്.** |
| (സി) | പദ്ധതി പ്രകാരമുള്ള എത്ര രൂപയുടെ ക്ലെയിമുകൾ ഇനിയും നല്കാനുണ്ട്; വിശദമാക്കാമോ? | (സി) | **02-01-2025** വരെ **1640,64,53,085/- രൂപയുടെ ക്ലെയിം കമ്പനി അനുവദിച്ചതിൽ 1626,85,14,219/- രൂപ ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. മെഡിസെപ്പിലെ ക്ലെയിം സെറ്റിൽമെന്റ് റേഷ്യോ നിലവിൽ 98.9% ആണ്.** |

സെക്ഷൻ ഓഫീസർ